**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2231** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യോത്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെയുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യോത്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (എ) | ഭക്ഷ്യസുരക്ഷാ നിയമം 2006, സെക്ഷൻ 53 പ്രകാരം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം നൽകുന്നത് 10 ലക്ഷം രൂപ വരെ പിഴ ഈടാക്കാവുന്ന കുറ്റമാണ്. തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള പരസ്യങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമം 2006, സെക്ഷൻ 53 പ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചു വരുന്നു. അത്തരത്തിലുള്ള പരസ്യങ്ങൾ ഉടനടി നിർത്തലാക്കാനുള്ള കർശന നിർദേശങ്ങളും നൽകി വരുന്നു.<br><br>ഭക്ഷ്യ ഉത്പന്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ പരാതിപ്പെടാവുന്നതാണ്. ദൃശ്യ-ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും, സ്കൂൾ കൺസ്യൂമർ ക്ലബുകൾ, ഉപഭോക്തൃസംഘടനകൾ എന്നിവ വഴിയും, ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ 'ഉപഭോക്തൃകേരളം' മാസിക എന്നിവയിലൂടെയും ഉപഭോക്താക്കൾക്ക് ഇതുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നൽകിവരുന്നു. കൂടാതെ പൊതുജനങ്ങൾക്ക് പരാതികൾ നൽകുവാൻ എല്ലാ ജില്ലകളിലും ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനുകളും നിലവിലുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ എത്ര പരാതി ലഭിച്ചിട്ടുണ്ടെന്നും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഒരു പരാതിയും, പത്തനംതിട്ട ജില്ലാ ഉപഭോക്തൃതർക്ക പരിഹാര കമ്മിഷനിൽ ഒരു പരാതിയും ലഭിച്ചിട്ടുണ്ട്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പിൽ ലഭിച്ച പരാതി പരിശോധന നടത്തി പരാതിക്കടിസ്ഥാനമായ നെല്ലിക്കാ കാന്താരി സിറപ്പിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്കായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ